LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

വിദേശ രാജ്യങ്ങളിൽവെച്ച് മരണമടയുന്ന പ്രവാസികളുടെ കുടുംബത്തിന് സാന്ത്വന പദ്ധതിപ്രകാരം ഒരു ലക്ഷം രൂപ വരെ മരണാനന്തര ധനസഹായം നൽകിവരുന്നു. കോവിഡ് മൂലം വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ആശ്രിതർക്കും സാന്ത്വന പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം ധനസഹായം ലഭ്യമാക്കുന്നതാണ്. കോവിഡ്മൂലം നാട്ടിലും വിദേശത്തും മരിച്ച പ്രവാസികളുടെയും തിരികെയെത്തിയ കോവിഡ് ബാധിച്ച് മരിച്ച പ്രവാസികളുടെയും അവിവാഹിതരായ പെൺകുട്ടികൾക്ക് 25,000 രൂപയുടെ ഒറ്റത്തവണ ധനസഹായം പ്രമുഖ പ്രവാസി വ്യവസായി ഡോ. രവി പിള്ളയുടെ RP ഫൗണ്ടേഷൻ വഴി വിതരണം ചെയ്യുന്ന 'പ്രവാസി തണൽ പദ്ധതി' നോർക്ക മുഖേന നടപ്പിലാക്കുന്നു. കൂടാതെ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുള്ള ഒരംഗം (പ്രവാസി കേരളീയൻ (വിദേശം)-1 എ കാറ്റഗറി) അംഗത്വ കാലയളവിൽ മരണപ്പെട്ടാൽ, ആശ്രിതർക്ക് 50,000 രൂപ ധനസഹായം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും അനുവദിച്ചുവരുന്നുണ്ട്.

(സി) ഇല്ലെങ്കിൽ ഇവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിന് കേന്ദ്രസർക്കാർ മുഖേന തുടർ നടപടികൾ സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

മേൽപ്പറഞ്ഞതരത്തിലുള്ള സഹായം സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. എങ്കിലും കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കായുള്ള സഹായ പദ്ധതികളിൽ പ്രവാസികൾക്ക് മുൻഗണന നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

കോവിഡ് പ്രതിസന്ധി കാരണം മടങ്ങിയെത്തിയ പ്രവാസികൾ

66 (1428) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 പ്രതിസന്ധി കാരണം ഗൾഫ് അടക്കമുള്ള വിദേശ രാജ്യങ്ങളിൽനിന്നും മടങ്ങിയെത്തിയ പ്രവാസി മലയാളികളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

കോവിഡ് ജാഗ്രത പോർട്ടലിലെ വിവരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് പ്രതിസന്ധിമൂലം 22-7-2021 വരെ 15,56,715 പേർ തിരികെയെത്തി.

(ബി) നിലവിൽ മടങ്ങിയെത്തിയ എത്ര പ്രവാസി മലയാളികൾ ഗൾഫ് അടക്കമുള്ള വിദേശ രാജ്യങ്ങളിൽ തിരികെ പോകാൻ ആഗ്രഹം അറിയിച്ച് സർക്കാരിനെ സമീപിച്ചിട്ടുണ്ട്;

&

(സി) ഇത്തരത്തിൽ മടങ്ങിയെത്തിയ പ്രവാസികൾക്ക് തിരികെ പോകുന്നതിന് പല രാജ്യങ്ങളിലും യാത്രാവിലക്ക് ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ അവർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം അടിയന്തര ഇടപെടലുകൾ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

അനേകം പ്രവാസികൾ ഗൾഫ് അടക്കമുള്ള വിദേശ രാജ്യങ്ങളിലേയ്ക്ക് മടങ്ങിപ്പോകുന്നതിനുള്ള തടസ്സം നീക്കാൻ സഹായത്തിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. ഇവരുടെ പൊതുവായ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ബഹ്റൈൻ, ഖത്തർ എന്നീ രാജ്യങ്ങൾ എയർ ബബിൾ കരാർ പ്രകാരമുള്ള ഫ്ലൈറ്റുകൾ ഓപ്പറേറ്റ് ചെയ്യ യാത്ര സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ രാജ്യങ്ങളിൽ നിന്നും പ്രവാസികൾക്ക് കേരളത്തിലേയ്ക്ക് മടങ്ങിയെത്താൻ സാധിക്കുമെങ്കിലും ആ രാജ്യങ്ങളിലെ നിലവിലുള്ള യാത്രാ വിലക്കുമൂലം ഇന്ത്യയിൽനിന്ന് തിരികെ പോകാൻ ഏറെ ബുദ്ധിമുട്ടുകൾ നേരിടുന്നു. ഈ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി നയതന്ത്ര ചാനൽ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം കണ്ടെത്താൻ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന ചീഫ് സെക്രട്ടറി കത്ത് മുഖേന കേന്ദ്ര വിദേശകാര്യ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നോർക്കാ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ

67 (1429) ശ്രീ. മുഹമ്മദ് മുഹസിൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നോർക്ക രജിസ്ട്രേഷൻ കാലാവധിക്കുള്ളിൽ പുതുക്കാൻ സാധിക്കാത്തവർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

പ്രവാസി ഐഡി കാർഡ് രജിസ്ട്രേഷൻ, കാലവധി കഴിഞ്ഞാലും നിലവിൽ വിസയുള്ളവർക്ക് പുതുക്കാവുന്നതാണ്. അപേക്ഷ ഓൺലൈനായി www.norkaroots.org എന്ന വെബ്സൈറ്റിലെ Renewal Pravasi ID card എന്ന ഓപ്ഷൻ വഴി അപേക്ഷിക്കാവുന്നതാണ്. അപേക്ഷയിലെ വിവരങ്ങളോടൊപ്പം പാസ്പോർട്ടിന്റെ ഫോട്ടോ പതിച്ച പേജ്, അഡ്രസ്സ് പേജ്, വിസ പേജ്, ഫോട്ടോ,

LIBRARY ARCHIVES Kerala Legislative Assembly